# തോറ്റോടിയില്ല പൊരുതിനേടി

**സംരംഭകയാകുക എന്ന ഒറ്റ സ്വപ്നത്തിന് പിന്നാലെ ഇറങ്ങിത്തിരിച്ച ഒരാൾ. പരാജയങ്ങളുടെ കടൽകടന്ന് വിജയച്ചിരിയോടെ അനൂജ ബഷീർ**

● രജി ആർ. നായർ

"എനിക്ക് പറയാൻ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും കഥകളില്ല; പറയാനുള്ളത് എന്റെ ആഗ്രഹങ്ങളിലേക്ക് നടന്നെത്തിയ ആ കഥയാണ്." അടിമുടി പരീക്ഷിക്കപ്പെട്ട അഞ്ചുവർഷങ്ങൾ. അടിക്കടിയുണ്ടായ പരാജയങ്ങൾ. എന്നാൽ സംരംഭകയാവണമെന്ന ഒറ്റ സ്വപ്നം കൈപിടിച്ച് അനുജ നടന്ന ദൂരങ്ങൾ ഏറെയാണ്. പത്ത് വർഷത്തിനപ്പുറം ലക്ഷ്യത്തിനടുത്തെത്തിനിൽക്കുമ്പോൾ അവൾക്ക് അഭിമാനിക്കാനേറെയുണ്ട്.

## തുടക്കം

എൻജിനീയറിങ് സർട്ടിഫിക്കറ്റ് കൈയിൽ കിട്ടുംമുൻപാണ് മൂവാറ്റുപുഴ സ്വദേശിനി അനുജ ബഷീർ ദുബായിൽ ജോലിക്ക് ചേരുന്നത്. ഒരു മാർക്കറ്റിങ് സ്ഥാപനത്തിൽ. വിവാഹവും അതേസമയത്തുതന്നെയായിരുന്നു. ഭർത്താവിനും ജോലി ദുബായിൽത്തന്നെ. കുറച്ചുകാലം കഴിഞ്ഞപ്പോൾ നാട്ടിൽ തിരിച്ചെത്തി ഒരു എൻജിനീയറിങ് കോളേജിൽ ജോലിക്ക് ചേർന്നു. പഠിച്ചിറങ്ങുന്ന കുട്ടികൾ ഒരു പ്ലേസ്മെന്റിനുപോലും പര്യാപ്തരല്ലെന്ന് അനുജ മനസ്സിലാക്കിയത് അവിടെവെച്ചാണ്.

കുട്ടികൾക്ക് അധിക കഴിവുകളുണ്ടാക്കിക്കൊടുക്കാനുള്ള സ്കിൽ മൊഡ്യൂളുകൾ ഒരുക്കിയെടുക്കാൻ അനുജ തീരുമാനിച്ചു. 2013-ൽ അതിനായി ഒരു സ്ഥാപനവും തുടങ്ങി. എന്നാൽ ബിസിനസ് പങ്കാളിയാവാൻ തയ്യാറായിരുന്ന കൂട്ടുകാരി ഇടയ്ക്കുവെച്ച് പിന്മാറിയതോടെ ഒറ്റയ്ക്കായി യാത്ര. ആറുമാസം. അതിനിടയിൽ ആദ്യ സംരംഭം പൂട്ടിക്കെട്ടേണ്ടിവന്നു. ആശയത്തിലല്ല, അത് നടപ്പാക്കുന്നതിലായിരുന്നു പാളിച്ച വന്നത്.

"പത്ത് ലക്ഷം രൂപ ആ വഴിക്ക് പോയിക്കിട്ടി. വീട്ടിൽ സംരംഭമെന്ന വാക്ക് മിണ്ടാനാവാതായി. അതോടെ കടം വീട്ടാൻ ഞാൻ വീണ്ടും ജോലിയിൽക്കയറി. ഒരു റിയൽ എസ്റ്റേറ്റ് കമ്പനിയിൽ. പക്ഷേ, എനിക്ക് സംരംഭകയാവണമായിരുന്നു. അങ്ങനെ 2017-ൽ 'ഒറിയ' എന്ന ബ്രാൻഡിങ് സംരംഭം സ്റ്റാർട്ടപ്പ് ആയി രജിസ്റ്റർ ചെയ്തു."

## പരാജയങ്ങൾ

"മാർക്കറ്റിങ് സ്വഭാവം തന്നെയായിരുന്നു 'ഒറിയ'യ്ക്കും." നിർമാതാക്കൾക്ക് അവരുടെ ഉത്പന്നം അതിന്റെ ഉപഭോക്താക്കളിലെത്തിക്കാനുള്ള കൃത്യമായ വഴി പറഞ്ഞുകൊടുക്കാനുള്ള കഴിവുണ്ടായിരുന്നു അനുജയ്ക്ക്. അത് ലക്ഷ്യം കണ്ടു. ഒപ്പം ഒരു പദ്ധതിയുടെ കൺസൾട്ടൻസിയും ഏറ്റെടുത്തു. ആറുമാസത്തോളം സുഗമമായിരുന്നു എല്ലാം. പക്ഷേ, ഒരു സിങ്കപ്പൂർ യാത്ര എല്ലാം തകിടംമറിച്ചു. "രണ്ടാഴ്ച ബിസിനസ് സംബന്ധമായ കാര്യങ്ങളിൽ നിന്നെല്ലാം വിട്ടുനിൽക്കേണ്ടിവന്നു. കരാറുകൾ പാലിക്കാനായില്ല. കൺസൾട്ടൻസിക്കായി വാങ്ങിയ പണം തിരിച്ചുകൊടുക്കേണ്ടിവന്നു. 25 ലക്ഷം. വട്ടിപ്പലിശക്ക് കടമെടുത്തു. കടം കുതിച്ചുകയറി ഒരു കോടിയിലധികം രൂപ പലർക്കായി കൊടുക്കാനുണ്ടായി.

എട്ടര ലക്ഷം രൂപ ചെലവിട്ട് സജ്ജീകരിച്ച ഓഫീസ് നിൽക്കക്കള്ളിയില്ലാതെ ഞാൻ മൂന്ന് ലക്ഷത്തിന് വിറ്റു. 'നിനക്ക് മാർക്കറ്റിങ്ങിൽ കഴിവുണ്ട്. പക്ഷേ, സംരംഭകയാവാനുള്ള ശ്രമം ഉപേക്ഷിക്കുന്നതാണ് നല്ലത്' എന്ന് ഉപദേശിച്ചവരുണ്ട്. എന്നിട്ടും മനസ്സ് 'ഒറിയ'യിൽത്തന്നെ നിന്നു.

ആ സമയത്ത് പഴയ മാർക്കറ്റിങ് ബന്ധത്തിന്റെ പേരിൽ എനിക്കൊരു വർക്ക് കിട്ടി. അത് അവർക്ക് ഇഷ്ടപ്പെട്ടു; അടുത്ത വർക്കും അവർതന്നെ തന്നു. അതുവരെ കിട്ടിയ ഇടിയും ചവിട്ടുമെല്ലാം ഞാൻ മറന്നു. വിശ്വസിക്കാവുന്ന ഒരു കൂട്ടുകാരനോട് ഞാൻ ചോദിച്ചു. "നമുക്ക് ഒരു കമ്പനി തുടങ്ങിയാലോ?"

അപ്പോഴും അനുജയ്ക്ക് പ്രൊജക്റ്റുകൾ വരുന്നുണ്ടായിരുന്നു. ആ ആവേശം കൈമുതലാക്കി സാങ്കേതിക വിദഗ്ധനായ വിനോദ് എന്ന കൂട്ടുകാരനുമൊത്ത് അനുജ 'ഫ്ളക്സിക്ലൗഡ്' എന്ന സെർവർ പ്ലാറ്റ്ഫോം തുടങ്ങി. അതിനൊപ്പം 'ഒറിയ' യ്ക്കും പുതുജീവൻ കിട്ടി. പതുക്കെപ്പതുക്കെ ബിസിനസ്സിൽനിന്ന് പണവും വരാൻ തുടങ്ങി. പലരും എനിക്ക് ലോൺ തരാൻ തയ്യാറായി. പതുക്കെ കടം കുറഞ്ഞു. ഒരു സംരംഭകയായി എന്ന തോന്നൽ എനിക്കും വന്നു. അപ്പോഴാണ് അടുത്ത ഇടിത്തി, കോവിഡ്.

എല്ലാം പൂട്ടിക്കെട്ടി പോന്നോളാൻ പറഞ്ഞു വീട്ടുകാർ. പക്ഷേ, എനിക്ക് തോൽക്കാൻ മനസ്സില്ലായിരുന്നു. 'ഫ്ളക്സി ക്ലൗഡിന്' അപ്പോഴും വലിയ പ്രശ്നങ്ങളില്ല. പക്ഷേ, നാളെയെന്ത് എന്ന് അറിയില്ല. അങ്ങനെ ആ ഓണത്തിന് ഞങ്ങൾ ഒരു ഓഫർ വെച്ചു. 25,000 രൂപയ്ക്ക് ബ്രാൻഡിങ് ചെയ്തുകൊടുക്കും. അത് ക്ലിക്ക് ചെയ്തു.



അനൂജ



മക്കളായ ആഹിൽ, അഫ്രീൻ എന്നിവർക്കൊപ്പം അനൂജ

## തിരിച്ചുവരവ്

'ഫ്ളക്സി ക്ലൗഡ്' ചെറിയ സംരംഭങ്ങൾക്കുകൂടി പ്രയോജനപ്പെടുംവിധമാണ് ഒരുക്കിയത്. പൊതുവേ ക്ലൗഡുകൾ ചെറിയ ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കില്ല. ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ സഹായം ആവശ്യമുള്ള സംരംഭങ്ങൾക്ക് ഇത് വലിയ തടസ്സമാണ്. ഞങ്ങൾ ചെറിയ തുകയ്ക്കു മുതൽ ക്ലൗഡ് സർവീസ് നൽകി 'ക്ലൗഡി'നെ ജനകീയമാക്കിയതോടെ ബിസിനസ് പച്ചപിടിച്ചു. ഇപ്പോഴാണ് നിക്ഷേപം സ്വീകരിക്കുന്നതിനെപ്പറ്റിപ്പോലും ഞങ്ങൾ ചിന്തിച്ചത്.

## സ്ത്രീസംരംഭകർക്കു വേണ്ടി

"അക്കാലത്താണ് കുഞ്ഞു ബിസിനസുകളുമായി ജീവിക്കുന്ന ഒരുപാട് സ്ത്രീകളെ പരിചയപ്പെടുന്നത്." ഇന്ന് 35 സംരംഭങ്ങളുടെ മെന്ററാണ് അനുജ. സംരംഭകയാകാൻ ആഗ്രഹിക്കുന്ന ഏതൊരു സ്ത്രീയുടെയും കൂടെനിൽക്കാനാണ് അനുജയുടെ ശ്രമം.

ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡറുകൾ എന്നിവരുടെ സ്റ്റാർട്ടപ്പുകൾക്കുവേണ്ടിയും അനുജ ഫണ്ട് നീക്കിവച്ചിട്ടുണ്ട്. "പല കാര്യങ്ങൾ ഒരുമിച്ചു കൊണ്ടുപോവാൻ നല്ല കഴിവാണ് സ്ത്രീകൾക്ക്. ഭിന്നശേഷിക്കാരുടെ ഇച്ഛാശക്തിയാവട്ടെ അസാധ്യം! ട്രാൻസ് ജെൻഡറുകൾ ആരേക്കാളും സർഗാശേഷിയുള്ളവരാണ്. അവരുടെ കഴിവുകൾ കണ്ടറിഞ്ഞതോടെയാണ് ഞങ്ങൾ 'നീഡി'ന് (NEED-Nurturing, Empowering, Enhancing Diversity) രൂപം നൽകുന്നത്. കഴിവുള്ളവരെ തിരിച്ചറിയാനും കൂടെ നിൽക്കാനുമുള്ളതാണ് 'നീഡ്' എന്ന സംഘടന."

കൂടുതൽ പേരിലേക്ക് ഈ ആശയങ്ങളും സഹായങ്ങളുമെത്തിക്കാനുള്ള ഒരുക്കത്തിലാണ് അനുജ. 20 മേഖലകളിലുള്ള 100 സ്ത്രീകളെ കണ്ടെത്തുകയാണ് അതിന്റെ തുടക്കം. അതിലൊരാൾക്ക് മികവിനുള്ള 'മോക്കിൻരാജ' പുരസ്കാരവും നൽകും. തന്റെ യാത്ര വിജയിക്കാൻ മാത്രമുള്ളതല്ല, ആ വിജയം മറ്റുള്ളവർക്കുകൂടി പകർന്നുകൊടുക്കാനുള്ളതാണെന്ന് തെളിയിക്കുകയാണ് അനുജ.